## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4579** — **04.02.2014 ൽ മറുപടിക്ക്**

## സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡിയായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡിയായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| വർഷം | അനുവദിച്ച തുക (കോടിയിൽ) |
|---|---|
| 2011 - 2012 | 118.35 |
| 2012 - 2013 | 135.00 |
| 2013 - 2014 | 116.021 |

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ അനുവദിച്ചിരുന്ന സബ്സിഡി തുകയേക്കാൾ കുറച്ച് മാത്രമേ ഈ സർക്കാർ അനുവദിച്ചിട്ടുള്ളൂ എന്നത് ശരിയാണോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതിവർഷം അനുവദിച്ച ശരാശരി സബ്സിഡി തുകയേക്കാൾ കൂടുതൽ തുക ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാർ 5 വർഷം കൊണ്ട് ആകെ 344.61 കോടി രൂപയാണ് അനുവദിച്ചതെങ്കിൽ (പ്രതിവർഷം ശരാശരി 68.72 കോടി രൂപ). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ 369.371 കോടി രൂപ (പ്രതിവർഷം ശരാശരി 123.123 കോടി) അനുവദിച്ചിട്ടുണ്ട്.

(സി) കരാറുകാർക്ക് എത്ര കുടിശ്ശികയാണ് കൊടുത്തു തീർക്കുവാനുള്ളതെന്ന് അറിയിക്കാമോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് കരാറുകാർക്ക് കുടിശ്ശിക നിലവിലില്ല.

(ഡി) കരാറുകാർക്ക് കുടിശ്ശിക തുക നൽകാത്തതിനാൽ അവർ സാധനങ്ങൾ വിത

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് കരാറുകാർക്ക് നൽകാൻ യാതൊരു തുകയും കുടിശ്ശികയായിട്ടില്ല.

| | | | |
|---|---|---|---|
| | രണം ചെയ്യുന്നതിനുള്ള ടെണ്ടറുകൾ ബഹിഷ്കരിക്കുകയുൾപ്പെടെ ചെയ്തിട്ടില്ലേ; | | എന്നിരുന്നാലും കൺസ്യൂമർഫെഡിന് വിതരണക്കാർ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ ചിലർക്ക് ലഭിക്കേണ്ട തുക കുടിശ്ശികയായതിന്റെ പേരിൽ 10.12.2013 ലെ സപ്ലൈകോ നടത്തിയ ടെണ്ടറിൽ ചില കരാറുകാർ പങ്കെടുത്തിരുന്നില്ല. |
| (ഇ) | എങ്കിൽ അതിനെതുടർന്ന് സർക്കാർ സ്വീകരിച്ച പരിഹാര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇക്കഴിഞ്ഞ ക്രിസ്മസിന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇ - ടെണ്ടർ മൊത്ത വിതരണക്കാരിൽ ചിലർ പങ്കെടുക്കുകയുണ്ടായില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടറിൽ നിന്ന് വിട്ടുനിൽക്കാൻ കരാറുകാരെ പ്രേരിപ്പിച്ചുവെന്നു പറയപ്പെടുന്ന വിതരണക്കാരുടെ സംഘടനയുടെ ഭാരവാഹികളായ 5 പേർക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത നോട്ടീസിന് മറുപടിയായി കരാറുകാർ ടെണ്ടർ ബഹിഷ്ക്കരണമൊന്നും നടത്തിയിട്ടില്ലായെന്നും കൺസ്യൂമർഫെഡിൽ നിന്ന് സാധനങ്ങൾ കടം കൊടുത്ത വകയിൽ കിട്ടാനുള്ള തുക ലഭ്യമാക്കാത്തതുകൊണ്ട് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും അതിനാലാണ് കരാറുകാരിൽ ചിലർക്ക് സപ്ലൈകോയുടെ ഇ - ടെണ്ടറിൽ പങ്കെടുക്കാൻ സാധിക്കാതെ വന്നതെന്നും രേഖാമൂലം അവർ മറുപടി തന്നിട്ടുണ്ട്. എന്നിരുന്നാലും ഈ മറുപടി ഒട്ടും തന്നെ തൃപ്തികരമല്ലെന്നും ചില കരാറുകാരുടെ ഇത്തരത്തിലുള്ള നടപടികൾ പൊതുവിതരണ രംഗത്തെ അനാരോഗ്യകരമായ പ്രവണതയാണെന്നും മേലിൽ ഇത്തരത്തിലുള്ള അനാരോഗ്യകരമായ നടപടികൾ കരാറുകാരുടെ ഭാഗത്തുനിന്നുമുണ്ടായാൽ അവരെ കരിമ്പട്ടികയിൽപ്പെടുത്തുമെന്നും താക്കീത് നൽകിയിട്ടുണ്ട് |

Beena

**സെക്ഷൻ ഓഫീസർ**